(സി) ക്ഷീര കർഷക ക്ഷേമനിധിയിൽ കൂടുതൽ ക്ഷീര കർഷകരെ ഉൾപ്പെടുത്താനും അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും പുതിയ എന്തൊക്കെ പാക്കേജുകൾ നടപ്പിലാക്കണമെന്ന നിർദ്ദേശങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളത് ;

ഉത്തരം

(എ) ക്ഷീരസഹകരണ സംഘങ്ങളിൽ പാലിന്റെ ഗുണമേന്മ പരിശോധിച്ച് വില നിർണ്ണയിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പാലിന്റെ കൊഴുപ്പ്, കൊഴുപ്പിതര വസ്തുക്കൾ എന്നിവ കണ്ടുപിടിക്കുന്നതിനു വേണ്ടി സെൻട്രിഫ്യൂജ്, ലാക്ടോമീറ്റർ, മിൽക്കോ ടെസ്റ്റർ തുടങ്ങിയ ഉപകരണങ്ങളും ആവശ്യമായ രാസവസ്തുക്കളും ക്ഷീരസംഘങ്ങളിൽ ഉണ്ട്. 300 ലിറ്റർ പാലിൽ കൂടുതൽ സംഭരിക്കുന്ന മിക്ക ക്ഷീരസംഘങ്ങളിലും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ സംവിധാനങ്ങൾ നിലവിൽ ഉണ്ട്. പാൽ അളക്കുന്ന സമയത്തു തന്നെ ഫാറ്റ് കണ്ടുപിടിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്.എൻ.എഫ്. കണക്കാക്കി പാൽ വില നിർണ്ണയിച്ച് പ്രിന്റ് ചെയ്ത് നൽകുന്ന എ.എം.സി.യു. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ക്ഷീരസഹകരണ സംഘങ്ങൾ ക്ഷീരകർഷകർക്ക് പാൽവില കൃത്യമായി ലഭ്യമാക്കുന്നതോടൊപ്പം പശുക്കളെ വാങ്ങുന്നതിന് വായ്പ സൗകര്യങ്ങൾ ലഭ്യമാക്കുകയും കൂടാതെ, കാലിത്തീറ്റ, തീറ്റപ്പുൽ വിത്ത്, വൈറ്റമിൻ എന്നിവയും സംഘങ്ങളിലൂടെ ക്ഷീര കർഷകർക്ക് നൽകുന്നു. ക്ഷീര സഹകരണ സംഘങ്ങൾ സംഘം ബൈലാ പ്രകാരമുള്ള വിദ്യാഭ്യാസ ധനസഹായം, ബോണസ്, കാലിത്തൊഴുത്ത് നിർമ്മാണം, വിവാഹ ധനസഹായം തുടങ്ങിയവ നൽകിവരുന്നു. വകുപ്പിൽ നിന്നും ക്ഷീരസംഘങ്ങൾ മുഖാന്തിരം എം.എസ്.ഡി.പി., കാലിത്തീറ്റ സബ്സിഡി പദ്ധതി, പുൽക്കൃഷി പദ്ധതി എന്നിവ നടപ്പിലാക്കാനും, വൈറ്റമിൻ സപ്ലിമെന്റ് വിതരണം നടത്തുവാനും ക്ഷീരകർഷക ക്ഷേമ നിധിയിൽ അംഗമാക്കി പെൻഷനും മറ്റ് ക്ഷേമ പദ്ധതികൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കുവാനും സഹായിക്കുന്നു.

(സി) ക്ഷീരകർഷകർക്ക് 2 രൂപയ്ക്ക് അരി നൽകുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു. ക്ഷീരകർഷക പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയും കുടുംബ പെൻഷൻ 150 രൂപയിൽ നിന്നും 200 രൂപയും ആക്കി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് നൽകാനുദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ

72 (2550) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീര കർഷകർക്ക് എന്തൊക്കെ പുതിയ ആനുകൂല്യങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാലുൽപ്പാദകർക്ക് ന്യായമായ വില ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പാൽ സംഭരണവില ഇതിനായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്ഷീരകർഷകർക്കായി നിലവിൽ അത്യുല്പാദനശേഷിയുള്ള കറവ പശുക്കളെ നൽകുന്ന എം.എസ്.ഡി.പി. പദ്ധതി, പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീര കർഷക ക്ഷേമനിധിയിലൂടെയുള്ള ധനസഹായം തുടങ്ങിയ പദ്ധതികളാണ് നടപ്പ് സാമ്പത്തിക വർഷം മുഖ്യമായി നടപ്പിലാക്കി വരുന്നത്. ക്ഷീരവികസന ധനകാര്യ സ്ഥാപനം ആരംഭിക്കുന്നതിനും പാലുല്പാദനം വർദ്ധിപ്പിക്കുന്ന ഗ്രാമീണ വിജ്ഞാപന വ്യാപന പരിപാടിയിൽ ഉൾപ്പെടുത്തി കറവപ്പശുക്കളിൽ പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടി നടത്തുന്നതിനും കൂടാതെ ആയുർവേദ മരുന്നുകളും, വിറ്റാമിൻ സപ്ലിമെന്റ്, മിനറൽ മിക്സചർ എന്നിവയുടെ വിതരണം നടത്തുന്നതിനും, കാലിത്തീറ്റയുടെ ദൗർലഭ്യം കുറയ്ക്കുന്നതിനും ഫോഡർ വിളകളെ പ്രോത്സാഹിപ്പിക്കുന്നതിനും 'ഒരു ക്ഷീര കർഷകൻ ഒരു വൃക്ഷവിള' പദ്ധതി നടപ്പിലാക്കുന്നതിനും, കേരള ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്നും ക്ഷീര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ നൽകിവരുന്ന പെൻഷൻ 400 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

ഇപ്പോൾ നൽകിവരുന്ന കാലിത്തീറ്റ സബ്സിഡി കൂടുതൽ കർഷക കർക്ക് ലഭ്യമാക്കുന്നതാണ്. ഇതിനായി ക്ഷീരവികസന വകുപ്പിന്റെ ബഡ്ജറ്റിൽ കൂടുതൽ തുക നീക്കിവച്ചിട്ടുണ്ട്. സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയായ ഹേറി കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും, ക്ഷീരകർഷകർക്കായി സബ്സിഡിയോടു കൂടിയ പുതിയ കന്നുകാലി ഉൽപാദന പദ്ധതികൾ ആവിഷ്കരിക്കുന്നതും, ക്ഷീര കർഷകർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്നതും, ക്ഷീരകർഷക ക്ഷേമനിധി പ്രകാരമുള്ള ആനുകൂല്യങ്ങൾ കൂടുതൽ കർഷകരിലേക്ക് വ്യാപിപ്പിക്കുന്നതുമാണ്. സൗജന്യ നിരക്കിൽ (24 രൂപയ്ക്ക്) അരി നൽകുന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പദ്ധതിയിൽ ക്ഷീരകർഷക ക്ഷേമ നിധിയിൽ അംഗങ്ങളായ കർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly